നമ്പർ എം. 2/31382/2017/ഡി.പി.ഐ.

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി: 03.07.2017.
ഫോൺ: 0471-2580595; msndpi@gmail.com.

പൊതു വിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും,

സർ,

വിഷയം : പൊ.വി.വ. - ഡി.എഡ്. പ്രവേശനം 2017 - 2019 - സംബന്ധിച്ച് -
സൂചന : ഈ ഓഫീസിലെ 04.05.2017 തീയതിയിലെ ഇതേ നമ്പർ വിജ്ഞാപനം.

****************************

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിയ്ക്കുന്നു. 2017- 2019 അദ്ധ്യയന വർഷത്തെ ഡി.എഡ്. പ്രവേശനം സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ കൂടി പുറപ്പെടുവിക്കുന്നു.

1. 2017 - 2019 അദ്ധ്യായന വർഷത്തെ ഡി.എഡ് പ്രവേശനത്തിന്, ഒഴിവുള്ള സീറ്റുകളിലേയ്ക്ക് വിഷയാനുപാതം നോക്കാതെ പ്രവേശനം നൽകാവുന്നതാണ്.
2. 'സേ' പരീക്ഷയിലൂടെ ഹയർ സെക്കണ്ടറി കോഴ്സ് വിജയിച്ചവർക്ക്, മറ്റു തരത്തിൽ യോഗ്യരാണെങ്കിൽ ഡി.എഡ്. പ്രവേശനത്തിന് പരിഗണിക്കാവുന്നതാണ്. സേ പരീക്ഷ ഉൾപ്പെടെ മൂന്ന് ചാൻസിൽ കൂടുതൽ എടുത്തിട്ടുള്ളവരെ പരിഗണിക്കുവാൻ പാടില്ല.
3. വിഷായനുപാതം കൂടാതെ പ്രവേശനം നൽകിയതിനു ശേഷവും ഗവ: / എയിഡഡ് ടി.ടി.ഐ. യിൽ മെരിറ്റ് സീറ്റിലേയ്ക്ക് അപേക്ഷിക്കുകയും എന്നാൽ പ്രവേശനം ലഭിക്കാതെവരികയും ചെയ്തവർക്ക്, അപേക്ഷകരുടെ സമ്മതത്തോടെ സ്വാശ്രയം ടി.ടി.ഐ. യിലെ മെരിറ്റ് സീറ്റിലേയ്ക്ക്, മറ്റ് നിബന്ധനകൾ പാലിച്ചുകൊണ്ട് പ്രവേശനം നൽകാവുന്നതാണ്.
4. മുകളിൽ പറഞ്ഞ രീതിയിൽ പ്രവേശനം നടത്തിയതിനു ശേഷവും, ഗവ: / എയ്ഡഡ് സ്വാശ്രയ ടി.ടി.ഐ. കളിൽ മെരിറ്റ് സീറ്റുകൾ അവശേഷിക്കുന്നുവെങ്കിൽ വർത്തമാന പത്രങ്ങൾ ഉൾപ്പെടെയുള്ള വാർത്താ മാധ്യമങ്ങൾ വഴി അറിയിപ്പ് നൽകി പുതിയ അപേക്ഷകൾ സ്വീകരിച്ച് തൽസമയ പ്രവേശനം നൽകി ഒഴിവുകൾ നികത്തേണ്ടതാണ്.

മേൽ സൂചിപ്പിച്ചിരിക്കുന്നതു പ്രകാരം പ്രവേശനം നടത്തിയതിനു ശേഷം ഗവൺമെന്റ് / എയ്ഡഡ് / സ്വാശ്രയ ടി.ടി.ഐ. കളിൽ നിലവിലുള്ള ആകെ സീറ്റ്, പ്രവേശനം നൽകിയ സീറ്റുകളുടെ എണ്ണം, ഒഴിവുള്ള സീറ്റുകളുടെ എണ്ണം എന്നീ വിശദാംശങ്ങൾ ഉൾപ്പെടെ (msndpi@gmail.com) ഇ - മെയിൽ മുഖേന അറിയിക്കേണ്ടതാണ്.

മുകളിൽ സൂചിപ്പിച്ചിട്ടുള്ള എല്ലാ പ്രവേശന നടപടികളും 2017 ജൂലായ് 12 ന് പൂർത്തിയാക്കേണ്ടതാണ്

വിശ്വസ്തതയോടെ,

ജിമ്മി കെ. ജോസ്
പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ
(അക്കാദമിക്)
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

പകർപ്പ്:

1. എല്ലാ ടി.ടി.ഐ. പ്രിൻസിപ്പാൾമാർക്കും (വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന)
2. ഡയറക്ടർ, ഐ.റ്റി. @ സ്കൂൾ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)